"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - പത്തനംതിട്ട തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് 1 ആയ ശ്രീമതി ശ്രീല വി.വി-യ്ക്ക് 119 ദിവസം പ്രത്യേക അവശതാവധി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.253/2025/H&FWD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:-
1. സ.ഉ (പി) നം.112/2017/ധന തീയതി 24.08.2017.
2. ശ്രീമതി ശ്രീല വി.വി.-യുടെ ഭർത്താവ് ശ്രീ.ഹരീഷ് കുമാർ സമർപ്പിച്ച അപേക്ഷ.
3. 12.08.2024 ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇജി2-17062/24/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് 1 ആയ ശ്രീമതി.ശ്രീല വി.വി, ജോലിക്കു പോകുന്നതിനിടെ ഉണ്ടായ അപകടത്തെ തുടർന്ന് തലയ്ക്ക് ഗുരുതര പരിക്ക് പറ്റി ചികിത്സയിൽ തുടർന്നു വരുന്നതായും ടിയാൾക്ക് 14.06.2024 മുതൽ പ്രത്യേക അവശതാവധി അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് ടിയാളുടെ ഭർത്താവ് ശ്രീ.ഹരീഷ് കുമാർ സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷ സമർപ്പിക്കുന്ന സമയത്തും ജീവനക്കാരി അബോധാവസ്ഥയിൽ ചികിത്സയിൽ തുടർന്നു വരുന്നതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ജോയിനിംഗ് റിപ്പോർട്ട് എന്നിവ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പത്തനംതിട്ട തുമ്പമൺ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് 1 ആയ ശ്രീമതി ശ്രീല വി.വി-യ്ക്ക്, ലഭ്യമാക്കിയിട്ടുള്ള രേഖകളിൽ അവ്യക്തതയുണ്ടെങ്കിലും, ടിയാളുടെ നിലവിലെ ആരോഗ്യ സ്ഥിതി കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി കെ.എസ്.ആർ, ഭാഗം 1 ചട്ടം 98 പ്രകാരം 14.06.2024 മുതൽ 119 ദിവസത്തേക്ക് പ്രത്യേക അവശതാവധി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി കാലയളവ് ആർജ്ജിതാവധിയ്ക്ക്

പരിഗണിക്കുകയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ഹരീഷ് കുമാർ, H/o ശ്രീമതി.ശ്രീല വി.വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, സാമൂഹികാരോഗ്യ കേന്ദ്രം, തുമ്പമൺ, പത്തനംതിട്ട. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട.
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, തുമ്പമൺ, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 30-01-2025 13:55:07
സെക്ഷൻ ഓഫീസർ